ക്ഷണിച്ചിട്ടുള്ളത്. ഇതുവരെ കമ്പനിക്ക് അനുമതി ലഭിച്ചോയെന്നറിയില്ല. ഈ സാഹചര്യത്തിൽ അവിടത്തെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും നാട്ടുകാരുമെല്ലാം ഒന്നിച്ചുചേർന്ന കൊണ്ട് ഖനനത്തിനെതിരായി 162 ദിവസത്തിലധികമായി കമ്പനിക്ക് മുമ്പാകെ പ്രക്ഷോഭം നടത്തുകയാണ്. ഇപ്പോൾ ഏതാണ്ട് അഞ്ച് മാസത്തിലേറെയായി കമ്പനി ഉറന്നിട്ടില്ല. കമ്പനി മൈനിംഗ് നടത്തി മറ്റ് സംസ്ഥാനങ്ങളിലേക്ക് അസംസ്കൃതവസ്തുക്കൾ എത്തിച്ചു കൊടുക്കുന്ന ജോലി മാത്രമാണ് നിർവ്വഹിക്കുന്നത്. അല്ലാതെ കമ്പനി യാതൊരു ഉത്പാദനവും നടത്തുന്നില്ല. ഈ സാഹചര്യത്തിൽ ആ മേഖലയിലെ ഖനനം പൂർണ്ണമായും നിർത്തിവയ്പ്പാനുള്ള ഉത്തരവ് ഉണ്ടാകണ മെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, പൊതുമേഖലാ സ്ഥാപനമായ ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡ് ആണ് ഈ കമ്പനി. ഇതൊരു പൊതുമേഖലാ സ്ഥാപനമാണെന്നുള്ളതാണ് പ്രശ്നം. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതൊന്നും പൂർണ്ണമായി തള്ളിക്കളയാൻ കഴിയാത്ത കാര്യങ്ങളാണ്. അവിടത്തെ ഖനനം ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. മാടായിൽ ഇപ്പോൾ ഖനനം നിർത്തിവച്ച കരിന്തളത്തും ഇതുതന്നെയാണ് സ്ഥിതി. ഖനനം നടത്തുന്നത് കടിവെള്ളത്തിനെയൊക്കെ ബാധിക്കുന്നുണ്ട്. ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡ് കമ്പനിയുടെ ഒരു ഡൈവേഴ്സിഫിക്കേഷൻ മൈനിംഗ് എന്ന നിലയിൽ ക്ലേയും ബോക്സൈറ്റുമൊക്കെ വാഷ് ചെയ്ത് വിൽക്കുക എന്നതാണ്. അതൊന്നും കാലാകാലം കൊണ്ടുനടക്കാൻ കഴിയില്ല. അതുകൊണ്ട് കമ്പനിയുടെ മൈനിംഗ് ഡൈവേഴ്സിഫിക്കേഷനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. നാട്ടുകാരുടെ എതിർപ്പുമൂലം ഇപ്പോൾ അവിടെ മൈനിംഗ് നിർത്തിവച്ചിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് എം.എൽ.എ.-മാരും ട്രേഡ് യൂണിയനുകളുമായി അടുത്തയാഴ്ച ചർച്ച ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുണ്ട്.

2. ലോക്കൽ കമ്മിറ്റി നേതാവിനെ ആക്രമിച്ചവർക്കെതിരെ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഗുരുതരമായ ഒരു പ്രശ്നം സഭയിൽ ഉന്നയിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ക്ഷേത്രം അതിപ്രസിദ്ധമായ ഒരു ക്ഷേത്രമാണ്. കുറച്ചുകാലമായി ആ ക്ഷേത്രവും പരിസരപ്രദേശവും ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും ഗുണ്ടാസംഘം സംഘർഷ ഭൂമിയാക്കി മാറ്റിയിരിക്കുകയാണ്. കഴിഞ്ഞ ജൂലൈ 18-ാം തീയതി വൈകുന്നേരം സി.പി.ഐ.(എം).ന്റെ കൊടുങ്ങല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് ജൈത്രയൻ പച്ചക്കറിയും സാധനങ്ങളും വാങ്ങിയശേഷം കൊട്ടങ്ങല്ലൂർ ക്ഷേത്രത്തിനുമുന്നിൽ ആളുകളോട് സംസാരിച്ച് നിൽക്കുന്ന സമയത്ത് അപ്രതീക്ഷിതമായി ആറോളം ആർ.എസ്.എസ്. ഗുണ്ടകൾ ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് മാരകായുധങ്ങളുമായി സഖാവ് ജൈത്രയനെ ആക്രമിച്ചു. ആക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ ജൈത്രയനെ അടിയന്തരമായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തെ കൊല്ലുകയെന്ന ഉദ്ദേശത്തോടു കൂടിയാണ് ഗുണ്ടകൾ ആക്രമിച്ചതെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ ദിവസം യുത്ത്കോൺഗ്രസ്സിന്റെ നേതാവായ രാധാകൃഷ്ണനേയും ഇതേ സംഘം ആക്രമിക്കുകയുണ്ടായി. കുറച്ചുകാലമായി ഈ പരിസരപ്രദേശം സംഘർഷാവസ്ഥയിലാണ്. സി.പി.ഐ.-യുടെ സമ്മേളനവുമായി ബന്ധപ്പെട്ട് സി.പി.ഐ.-യുടെ ഓഫീസ് അടിച്ചുതകർക്കുന്ന സംഭവവും ഈ ഗുണ്ടാസംഘത്തിന്റെ ഭാഗത്തുനിന്നുമുണ്ടായി. കൊട്ടങ്ങല്ലൂർ ക്ഷേത്രവും പരിസരവും ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും സംഘപരിവാറിന്റെയും നിയന്ത്രണത്തിലാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ക്ഷേത്ര മൈതാനം വിശ്വാസികൾക്ക് മാത്രമായി ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഗുണ്ടാക്രിമിനൽ സംഘങ്ങളെ ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുവദിച്ചിരുന്നില്ല. അവിടെ സായുധ പോലീസിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. എന്നാൽ അതെല്ലാം ഇപ്പോൾ പിൻവലിച്ചിരിക്കുകയാണ്. ഇപ്പോൾ അവിടെ ക്ഷേത്രവിശ്വാസികൾക്കുപോലും കടന്നുവരാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ അടക്കമുള്ള യുത്ത് കോൺഗ്രസ്സ് നേതാക്കൾക്ക് തല്ലുകിട്ടാൻ തുടങ്ങിയപ്പോൾ സമരവുമായി മുന്നോട്ടുവരികയും കക്ഷിരാഷ്ട്രീയത്തിനതീതമായി ഗുണ്ടാസംഘത്തെ അമർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നില്ല. സായുധ പോലീസിനെ ക്ഷേത്രപരിസരത്ത് വിന്യസിപ്പിച്ചു കൊണ്ട് അവിടെ ക്രിമിനൽ കുറ്റങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കാനും മേലിൽ ഇത്തരം അക്രമങ്ങൾ നടക്കില്ലെന്ന് ഉറപ്പുവരുത്താനും ജൈത്രയനെ ആക്രമിച്ച ആളുകൾക്കെതിരായി ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് അവിടെ സംഘർഷമില്ലാത്ത ഒരു സാഹചര്യം സൃഷ്ടിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 18-7-2015-ന് രാത്രി 7.15 മണിയോടെ കൊട്ടങ്ങല്ലൂർ തെക്കേനടയിൽ മോട്ടോർസൈക്കിളിൽ ഇരിക്കുകയായിരുന്ന സി.പി.ഐ. (എം) കൊട്ടങ്ങല്ലൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി ജൈത്രയനെ ബി.ജെ.പി.

പ്രവർത്തകരായ അനന്തു, നിതിഷ്, കണ്ടാലറിയാവുന്ന മറ്റ് രണ്ടുപേർ എന്നിവർ ചേർന്ന് തള്ളിയിട്ട് ഇരുമ്പുവടികൊണ്ടടിക്കുകയും ജൈത്രയന്റെ വാരിയെല്ലിന് പൊട്ടലുൾപ്പെടെയുള്ള പരിക്കുകളേറ്റ് കൊടുങ്ങല്ലൂർ മെഡികെയർ ആശുപത്രിയിൽ ചികിത്സതേടുകയും ചെയ്തു. ഇക്കാര്യത്തിൽ IPC 341, 323, 326, 308, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 1774/15 ആയി കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവത്തിന് ഏകദേശം ഒന്നര മണിക്കൂർമുമ്പ് കൊടുങ്ങല്ലൂർ ഗൗരീശങ്കർ ജംഗ്ഷനിൽവച്ച് ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന യുവമോർച്ച മേത്തല മേഖലാ വൈസ് പ്രസിഡന്റ് അനീഷ് കാർത്തികേയനെ ബൈക്കിൽ പിൻതുടർന്ന് സി.പി.ഐ.(എം) പ്രവർത്തകരായ നൗഷാദ്, നവാസ്, സുൽഫിക്കർ എന്നിവരും മറ്റൊരാളും ചേർന്ന് ബൈക്ക് തടഞ്ഞുനിർത്തി ഇടിക്കട്ടകൊണ്ട് മുഖത്തടിച്ചും മറ്റും പരിക്കേൽപ്പിച്ചിരുന്നു. ഇതിന് IPC 343, 323, 294 (b), 308, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 1772/15 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരിക്കേറ്റ അനീഷ് കാർത്തികേയൻ കൊടുങ്ങല്ലൂർ മോഡേൺ ആശുപത്രിയിൽ ചികിത്സതേടിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ രണ്ട് കേസുകളും കൊടുങ്ങല്ലൂർ പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു. ജൈത്രയനെ ആക്രമിച്ച കേസിൽ അനന്തു, നിതിഷ് എന്നീ ബി.ജെ.പി. പ്രവർത്തകരെയും അനീഷ് കാർത്തികേയനെ ആക്രമിച്ച കേസിൽ നൗഷാദ്, സുൽഫിക്കർ എന്നീ സി.പി.ഐ.(എം) പ്രവർത്തകരെയും അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്. കൊടുങ്ങല്ലൂർ മേഖലയിൽ സി.പി.ഐ.(എം), ബി.ജെ.പി. പ്രവർത്തകർ തമ്മിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ തുടർന്നുവരുന്ന പശ്ചാത്തലത്തിൽ കൂടുതൽ പ്രശ്നങ്ങളുണ്ടാകാതിരിക്കുന്നതിനും സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും സ്ഥലത്ത് ശക്തമായ പോലീസ് ബന്തവസ് ഏർപ്പെടുത്തിയിട്ടുണ്ട്. K.P. Act 78, 79 (1)എന്നീ വകുപ്പുകൾ പ്രകാരം 19-7-2015 ഉച്ചയ്ക്ക് ഒരു മണി മുതൽ 23-7-2015 രാത്രി പതിനൊന്ന് മണി വരെ ജില്ലാ പോലീസ് മേധാവി നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൊടുങ്ങല്ലൂർ മേഖലയിൽ സി.പി.ഐ.(എം)-ന്റെ പോഷക സംഘടനകളും ബി.ജെ.പി. പോഷക സംഘടനകളും തമ്മിലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങൾമൂലം 21-7-2015 വരെ ആകെ 34 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. സി.പി.ഐ.(എം)

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തകർ വാദികളായി 20 കേസ്സുകളും ബി.ജെ.പി. പ്രവർത്തകർ വാദികളായി 14 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മേൽ സംഭവങ്ങളിൽ 13 ബി.ജെ.പി. പ്രവർത്തകർക്കും 19 സി.പി.ഐ.(എം) പ്രവർത്തകർക്കും പരിക്കേറ്റിട്ടുണ്ട്. ഈ സംഘട്ടനങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിലും സി.പി.ഐ.(എം) പോഷക സംഘടനകളും ബി.ജെ.പി. പോഷക സംഘടനകളും തമ്മിലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ട് ബി.ജെ.പി. പ്രവർത്തകർ വാദികളായി 49 കേസുകളും സി.പി.ഐ.(എം) പ്രവർത്തകർ വാദികളായി 55 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 21-7-2015 വരെയുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ബി.ജെ.പി. പ്രവർത്തകർ വാദികളായ 49 കേസ്സുകളും സി.പി.ഐ.(എം) പ്രവർത്തകർ വാദികളായ 67 കേസ്സുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആ പ്രദേശത്ത് സമാധാന അന്തരീക്ഷം ഉണ്ടാകണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ വ്യക്തമായ നിലപാട്. പോലീസ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. രാഷ്ട്രീയ പാർട്ടികൾ അതിനാവശ്യമായ മനഃസാന്നിദ്ധ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും അവരുടെ പാർട്ടി പ്രവർത്തകരെന്നുള്ള നിലയിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി അവിടെ സമാധാന അന്തരീക്ഷം ഉണ്ടാക്കുകയെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്.

11.00 AM]

3. ആനുകൂല്യം അനുവദിക്കൽ

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, കേരളത്തിലെ ഉച്ചഭാഷിണി മേഖലയിൽ പ്രവർത്തിക്കുന്ന അസംഘടിതരായ ഉടമകൾ, ടെക്നീഷ്യൻമാർ, പരസ്യ പ്രക്ഷേപകർ, അനുബന്ധ തൊഴിലാളികൾ എന്നിവരുൾപ്പെടെ ഏതാണ്ട് രണ്ട് ലക്ഷത്തോളമാളുകൾ പ്രത്യക്ഷമായും ഒരു ലക്ഷത്തോളമാളുകൾ പരോക്ഷമായും പണിയെടുക്കുന്ന മേഖലയാണ് ഉച്ചഭാഷിണി/ലൈറ്റ് ആന്റ് സൗണ്ട് മേഖല. എന്നാൽ നാളിതുവരെ ഇവർക്ക് ആനുകൂല്യങ്ങൾ നൽകുകയോ ഇവരെ ഏതെങ്കിലുമൊരു സംഘടിത തൊഴിലാളി വിഭാഗമായി പരിഗണിക്കുകയോ ചെയ്തതായി കാണാൻ കഴിയുന്നില്ല. കേരളത്തിലെ രാഷ്ട്രീയ-സാമൂഹിക-സാമുദായിക-സാംസ്കാരിക മേഖലയ്ക്ക് ഒഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly